**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1295** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിൽ നവീന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾക്ക് അയവ് വരുത്തിയ സാഹചര്യത്തിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വേണ്ടി രാജ്യത്തിന് അകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. താഴെപ്പറയുന്ന മാർക്കറ്റിംഗ് പദ്ധതികളാണ് ആഭ്യന്തര/വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ളത്.<br><br>**രാജ്യത്തിനകത്ത് നടത്തിയ ക്യാമ്പയിനുകൾ**<br><br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br>• കേരള ഡ്രൈവ് ഹോളിഡേ<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻസ്<br>• ഹണിമൂൺ ഹോളിഡേയ്സ്<br>• കാരവൻ കേരള : കാരവൻ ടൂറിസം പ്രമോഷൻ<br>• ചേഞ്ച് ഓഫ് എയർ ക്യാമ്പയിൻ<br>• നാഷണൽ പാർട്ണർഷിപ്പ് മീറ്റുകൾ<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ<br>• ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം<br>• ദേശീയ B2B മീറ്റുകൾ<br><br>**രാജ്യത്തിന് പുറത്ത് നടത്തിയ ക്യാമ്പയിനുകൾ**<br><br>• WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം<br>• മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, തുടങ്ങിയ റോഡ് ഷോകൾ.<br>• ഇൻറർനാഷണൽ റീ-ഓപ്പണിങ് ക്യാമ്പയിൻ<br>• ഇന്റർനാഷണൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ |

കൂടാതെ കാരവൻ ടൂറിസം പദ്ധതി വിനോദസഞ്ചാരികൾക്കായി നടപ്പാക്കിയ പുതിയ പദ്ധതിയാണ്. കേരളത്തിലെ ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള ഹെലി ടൂറിസം പദ്ധതി, കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിനുള്ള പ്രത്യേക പദ്ധതി എന്നിവയ്ക്കും രൂപം നൽകുന്നു.

വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ മുഴുവൻ ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കുകയും സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ ബയോബബിൾ സുരക്ഷാ വലയത്തിലാക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്ഥാപനതലത്തിൽ കുറഞ്ഞത് ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, ഡെസ്റ്റിനേഷൻ വികസനത്തിനുള്ള പദ്ധതികൾ, എൻ ഊര് പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക്, സ്ട്രീറ്റ് പദ്ധതി, ഫുഡീവീൽസ് തുടങ്ങിയ പദ്ധതികൾ ടൂറിസം മേഖലയ്ക്ക് ഉണർവ്വ് നൽകുന്നതാണ്. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ലഭിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ NOC വേണമെന്ന നിബന്ധന ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടൂറിസം മൊബൈൽ ആപ്പ് നവീകരിച്ചും വെർച്വൽ ട്രാവൽ ഗൈഡ്, മായ ചാറ്റ് ബോട്ട് തുടങ്ങിയവ ഏർപ്പെടുത്തിയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായി. ടൂറിസം കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് 50% ഫീസ് ഇളവ് ലഭ്യമാക്കിയിട്ടുണ്ട്.

കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി പ്രയാസങ്ങളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ ആദ്യ മൂന്ന് മാസത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിൽ ഉണ്ടായത്. 38-ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഈ കാലയളവിൽ ആകർഷി ക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യ പാദത്തിൽ വർധിച്ചത്. വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ ആദ്യ പാദത്തെ

| | | | |
|---|---|---|---|
| | | | അപേക്ഷിച്ച് 200.55% വർധനയാണുള്ളത്. 43547 വിദേശ വിനോദ സഞ്ചാരികളാണ് ഈ കാലയളവിൽ സംസ്ഥാനത്ത് എത്തിയത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന്, നേട്ടങ്ങളുടേതാകും ഈ വർഷം എന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദ സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തെയും 2022-23 സാമ്പത്തിക വർഷം ജൂൺ 30 വരെയും കേരളത്തിലേയ്ക്കുള്ള ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകളും വിശദാംശങ്ങളും ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | വിനോദസഞ്ചാരികളുടെ എണ്ണം ക്രോഡീകരിക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാന മാക്കിയാണ്. 2021 കലണ്ടർ വർഷവും 2022 ജൂൺ വരെയും സംസ്ഥാനം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ കണക്ക് ഇതോടൊപ്പം അനുബന്ധം ആയി ഉൾകൊള്ളിക്കുന്നു. |
| (സി) | ഓണം സീസണോടനുബന്ധിച്ച് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഓണം സീസണോട് അനുബന്ധിച്ച് സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളുടെ വലിയ തോതിലുള്ള വരവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പുതുമയാർന്ന പരിപാടി കളോടെയാണ് സർക്കാർ ഇത്തവണ ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. കൂടാതെ ഓണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകാൻ ഒരു മൈക്രോസൈറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഓണത്തോട് അനുബന്ധിച്ച് ഒരു ഓൺലൈൻ അത്തപ്പൂക്കള മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടിയും മൂന്നാറും മറ്റ് അനവധി സാധ്യതാ ടൂറിസ്റ്റ് കേന്ദ്രങ്ങളുമുള്ള ഇടുക്കി ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി ടൂറിസം പദ്ധതികളും കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ ഇടുക്കി ജില്ലയിൽ നിരവധി ടൂറിസം പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ട പദ്ധതികൾ താഴെക്കൊടുക്കുന്നു.<br>1. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - ഒന്നാംഘട്ടം 4.5 കോടി രൂപ - ഈ പദ്ധതി പൂർത്തീകരിച്ചു.<br>2. മൂന്നാർ ബോട്ടാണിക്കൽ ഗാർഡൻ - രണ്ടാംഘട്ടം 3.5 കോടി രൂപ ഈ പദ്ധതി പൂർത്തീകരിച്ചു.<br>3. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - മൂന്നാംഘട്ടം ഈ പദ്ധതിക്ക് 4.89കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെൻഡറിംഗ് സ്റ്റേജിൽ ആണ്.<br>4. മുതിരപ്പുഴയുടെ തീരത്തുള്ള ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം - ഈ പ്രവൃത്തി പൂർത്തീകരിച്ച വരുന്നു. |

| | | | |
|---|---|---|---|
| | | | 5. ഇടുക്കി മൈഗ്രേഷൻ മോണുമെന്റ്സ് - ഈ പദ്ധതി പുരോഗമിച്ച് വരുന്നു.<br>6. ഇടുക്കി ഇക്കോ ലോഡ്ജ് - നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.<br>7. പീരുമേട് ഇക്കോ ലോഡ്ജ് - നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.<br>8. ഇടുക്കിയിലെ യാത്രീ നിവാസ് - ഈ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>ഇവയ്ക്ക് പുറമെ ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന ഇടുക്കി ജില്ലയിൽ ഫാം ടൂറിസം നെറ്റ് വർക്ക് എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. സ്ഥല ലഭ്യത അനുസരിച്ച് മറ്റ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -

# 2021 ൽ കേരളംസന്ദർശിച്ച ആഭ്യന്തരവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ 2021 | 2020 | മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 43751 | 33322 | 32834 | 15721 | 3463 | 5648 | 17299 | 29873 | 32236 | 40980 | 43946 | 54848 | 353921 | 207507 | 70.56 |
| 2 | എറണാകുളം | 163142 | 159828 | 132975 | 58588 | 12015 | 22898 | 106987 | 141304 | 162561 | 180939 | 203579 | 243066 | 1587882 | 1103200 | 43.93 |
| 3 | ഇടുക്കി | 114129 | 89218 | 77182 | 35899 | 3809 | 4221 | 32755 | 78354 | 95908 | 113179 | 108927 | 195993 | 949574 | 503938 | 88.43 |
| 4 | കണ്ണൂർ | 37163 | 39086 | 31756 | 22693 | 3054 | 6436 | 18234 | 25034 | 31959 | 38898 | 42719 | 49374 | 346406 | 246400 | 40.59 |
| 5 | കാസർഗോഡ് | 8545 | 8207 | 11773 | 6826 | 1051 | 3374 | 5461 | 7356 | 8637 | 17928 | 20959 | 25571 | 125688 | 76007 | 65.36 |
| 6 | കൊല്ലം | 21380 | 20844 | 19190 | 10256 | 3206 | 4989 | 14229 | 18584 | 20683 | 25351 | 22222 | 28168 | 209102 | 137228 | 52.38 |
| 7 | കോട്ടയം | 18044 | 15294 | 15151 | 4818 | 460 | 1849 | 7956 | 12331 | 13734 | 18426 | 20718 | 30141 | 158922 | 139038 | 14.30 |
| 8 | കോഴിക്കോട് | 56761 | 57609 | 47263 | 34194 | 9513 | 15658 | 36709 | 49244 | 54944 | 62453 | 68172 | 74854 | 567374 | 380559 | 49.09 |
| 9 | മലപ്പുറം | 31678 | 29720 | 40055 | 18158 | 5736 | 6295 | 18793 | 26411 | 32204 | 41599 | 42519 | 49517 | 342685 | 197629 | 73.40 |
| 10 | പാലക്കാട് | 19955 | 20279 | 22116 | 12862 | 2213 | 3228 | 11125 | 16332 | 17130 | 21926 | 24359 | 29276 | 200801 | 152152 | 31.97 |
| 11 | പത്തനംതിട്ട | 6594 | 6091 | 7397 | 5839 | 952 | 2373 | 4530 | 5606 | 5624 | 10426 | 11629 | 28779 | 95840 | 48960 | 95.75 |
| 12 | തിരുവനന്തപുരം | 121133 | 123148 | 125061 | 73401 | 16620 | 31491 | 72280 | 96381 | 106052 | 128419 | 146922 | 194662 | 1235570 | 861130 | 43.48 |
| 13 | തൃശ്ശൂർ | 72255 | 62357 | 72970 | 40700 | 2776 | 6724 | 24409 | 42884 | 54802 | 68721 | 89022 | 122361 | 659981 | 587599 | 12.32 |
| 14 | വയനാട് | 73655 | 63201 | 48078 | 33335 | 1843 | 5289 | 43422 | 77098 | 82471 | 86437 | 83569 | 105473 | 703871 | 347625 | 102.48 |
| | **കേരളം** | **788185** | **728204** | **683801** | **373290** | **66711** | **120473** | **414189** | **626792** | **718945** | **855682** | **929262** | **1232083** | **7537617** | **4988972** | **51.09** |

Page-2

# 2021 ൽ കേരളം സന്ദർശിച്ച വിദേശവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | 2021 | 2020 | മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 45 | 69 | 230 | 14 | 0 | 0 | 3 | 9 | 7 | 54 | 145 | 201 | 777 | 46629 | -98.33 |
| 2 | എറണാകുളം | 3233 | 3008 | 5003 | 540 | 103 | 163 | 3747 | 3870 | 4357 | 5902 | 8317 | 8578 | 46821 | 134952 | -65.31 |
| 3 | ഇടുക്കി | 37 | 29 | 60 | 2 | 1 | 0 | 4 | 13 | 20 | 42 | 125 | 258 | 591 | 20163 | -97.07 |
| 4 | കണ്ണൂർ | 11 | 14 | 12 | 0 | 0 | 1 | 3 | 4 | 4 | 4 | 7 | 21 | 81 | 2754 | -97.06 |
| 5 | കാസർഗോഡ് | 2 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 37 | 58 | 48 | 146 | 2184 | -93.32 |
| 6 | കൊല്ലം | 5 | 0 | 1 | 3 | 0 | 0 | 2 | 11 | 29 | 8 | 8 | 10 | 77 | 5141 | -98.50 |
| 7 | കോട്ടയം | 14 | 40 | 13 | 0 | 0 | 0 | 8 | 21 | 24 | 50 | 42 | 153 | 365 | 20072 | -98.18 |
| 8 | കോഴിക്കോട് | 560 | 522 | 211 | 108 | 2 | 0 | 26 | 23 | 30 | 128 | 167 | 297 | 2074 | 5262 | -60.59 |
| 9 | മലപ്പുറം | 33 | 47 | 37 | 4 | 0 | 0 | 8 | 10 | 34 | 114 | 87 | 179 | 553 | 4100 | -86.51 |
| 10 | പാലക്കാട് | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 14 | 8 | 15 | 41 | 742 | -94.47 |
| 11 | പത്തനംതിട്ട | 0 | 0 | 2 | 8 | 4 | 0 | 3 | 0 | 0 | 15 | 28 | 12 | 72 | 659 | -89.07 |
| 12 | തിരുവനന്തപുരം | 337 | 408 | 424 | 295 | 59 | 129 | 245 | 375 | 519 | 1486 | 1767 | 2218 | 8262 | 90550 | -90.88 |
| 13 | തൃശ്ശൂർ | 13 | 18 | 15 | 11 | 0 | 3 | 4 | 7 | 36 | 61 | 105 | 190 | 463 | 3416 | -86.45 |
| 14 | വയനാട് | 6 | 12 | 15 | 2 | 0 | 2 | 1 | 6 | 4 | 29 | 22 | 65 | 164 | 4131 | -96.03 |
| | കേരളം | 4298 | 4167 | 6024 | 987 | 169 | 298 | 4054 | 4349 | 5066 | 7944 | 10886 | 12245 | 60487 | 340755 | -82.25 |

Page-3

## 2022ൽ കേരളംസന്ദർശിച്ച ആഭ്യന്തരവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ആകെ 2022 | 2021 ( ജൂൺ വരെ ) | മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%) |
|---|---|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 55490 | 51594 | 67800 | 71788 | 81104 | 66020 | 393796 | 134739 | 192.27 |
| 2 | എറണാകുളം | 257098 | 259572 | 294756 | 345313 | 398816 | 344892 | 1900447 | 549446 | 245.88 |
| 3 | ഇടുക്കി | 174205 | 149604 | 188138 | 218318 | 275217 | 211150 | 1216632 | 324458 | 274.97 |
| 4 | കണ്ണൂർ | 56336 | 61217 | 58608 | 73670 | 85884 | 70939 | 406654 | 140188 | 190.08 |
| 5 | കാസർഗോഡ് | 23030 | 23754 | 28391 | 23733 | 27791 | 25213 | 151912 | 39776 | 281.92 |
| 6 | കൊല്ലം | 27608 | 29288 | 35078 | 31651 | 39101 | 34624 | 197350 | 79865 | 147.10 |
| 7 | കോട്ടയം | 24659 | 22858 | 30945 | 40331 | 43649 | 38207 | 200649 | 55616 | 260.78 |
| 8 | കോഴിക്കോട് | 81260 | 80445 | 90256 | 104678 | 122516 | 109750 | 588905 | 220998 | 166.48 |
| 9 | മലപ്പുറം | 52814 | 49958 | 65491 | 42102 | 63770 | 53106 | 327241 | 131642 | 148.58 |
| 10 | പാലക്കാട് | 34546 | 35451 | 40559 | 39174 | 45304 | 40276 | 235310 | 80653 | 191.76 |
| 11 | പത്തനംതിട്ട | 36664 | 19956 | 18078 | 29911 | 25236 | 24370 | 154215 | 29246 | 427.30 |
| 12 | തിരുവനന്തപുരം | 187346 | 182497 | 231090 | 256510 | 305369 | 264753 | 1427565 | 490854 | 190.83 |
| 13 | തൃശൂർ | 116388 | 102880 | 138784 | 218660 | 237324 | 178929 | 992965 | 257782 | 285.20 |
| 14 | വയനാട് | 106418 | 92961 | 110943 | 115295 | 159536 | 116799 | 701952 | 225401 | 211.42 |
| | **കേരളം** | **1233862** | **1162035** | **1398917** | **1611134** | **1910617** | **1579028** | **8895593** | **2760664** | **222.23** |

Page-4

# 2022ൽ കേരളംസന്ദർശിച്ച വിദേശവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ആകെ 2022 | 2021 ( ജൂൺ വരെ ) | മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%) |
|---|---|---|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 202 | 209 | 315 | 603 | 512 | 223 | 2064 | 358 | 476.54 |
| 2 | എറണാകുളം | 6183 | 7436 | 13558 | 10825 | 12704 | 14157 | 64863 | 12050 | 438.28 |
| 3 | ഇടുക്കി | 257 | 204 | 578 | 739 | 749 | 1056 | 3583 | 129 | 2677.52 |
| 4 | കണ്ണൂർ | 76 | 51 | 68 | 29 | 31 | 35 | 290 | 38 | 663.16 |
| 5 | കാസർഗോഡ് | 31 | 19 | 22 | 28 | 33 | 24 | 157 | 3 | 5133.33 |
| 6 | കൊല്ലം | 10 | 9 | 51 | 18 | 26 | 26 | 140 | 9 | 1455.56 |
| 7 | കോട്ടയം | 76 | 65 | 187 | 492 | 227 | 224 | 1271 | 67 | 1797.01 |
| 8 | കോഴിക്കോട് | 120 | 305 | 614 | 411 | 824 | 619 | 2893 | 1403 | 106.20 |
| 9 | മലപ്പുറം | 150 | 109 | 331 | 173 | 501 | 537 | 1801 | 121 | 1388.43 |
| 10 | പാലക്കാട് | 10 | 17 | 9 | 13 | 41 | 52 | 142 | 2 | 7000.00 |
| 11 | പത്തനംതിട്ട | 12 | 18 | 17 | 26 | 43 | 25 | 141 | 14 | 907.14 |
| 12 | തിരുവനന്തപുരം | 3593 | 3403 | 4356 | 4280 | 5287 | 5511 | 26430 | 1652 | 1499.88 |
| 13 | തൃശൂർ | 190 | 245 | 257 | 211 | 428 | 450 | 1781 | 60 | 2868.33 |
| 14 | വയനാട് | 42 | 68 | 74 | 41 | 90 | 89 | 404 | 37 | 991.89 |
| | **കേരളം** | **10952** | **12158** | **20437** | **17889** | **21496** | **23028** | **105960** | **15943** | **564.62** |